വടകര-8 സർവ്വീസ്

1. വടകര-മണിയൂർ-2

2. വടകര-തിരുനെല്ലി-1

3. വടകര-കോഴിക്കോട്-കണ്ണൂർ റ്റി. റ്റി. ഓർഡിനറി-3

4. വടകര-ചുഴലി-1

5. വടകര-വാളൂക്ക്-1

(ബി) തൊട്ടിൽപാലം യൂണിറ്റിലെ പാറക്കടവ്-എയർപോർട്ട്, കുറ്റ്യാടി-പെരുവയൽ, തെക്കേടത്തു കടവ്-ആയംചേരി-വടകര, വടകര യൂണിറ്റിലെ വടകര-തിരുനെല്ലി എന്നിവ ഒഴികെ കോഴിക്കോട്, താമരശ്ശേരി യൂണിറ്റുകളിലെ എല്ലാ പുതിയ സർവ്വീസും നടത്തുന്നുണ്ട്.

(സി) കോഴിക്കോട് യൂണിറ്റിൽ അനുമതി നൽകിയ സർവ്വീസ് ആരംഭിക്കാനുണ്ട്.

1. കോഴിക്കോട്-സിറ്റി സർക്കുലർ-2

2. കോഴിക്കോട്-കക്കോടി-പായിമ്പ്ര-1

3. കോഴിക്കോട്-കൊളക്കുത്ത്-1

4. കോഴിക്കോട്-മണ്ണാം പൊയിൽ-1

താമശ്ശേരി യൂണിറ്റിൽ 5 സർവ്വീസ് താമരശ്ശേരി-കൊയിലാണ്ടി-പെരിന്തൽമണ്ണ-ചെയിൻ-5 തൊട്ടിൽപ്പാലം യൂണിറ്റിൽ 6 സർവ്വീസ് തൊട്ടിൽപ്പാലം-വടകര ചെയിൻ-6 വടകര-അനുമതി നൽകിയ എല്ലാ സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഓപ്പൺ ടെൻഡർ മുഖാന്തരം വാങ്ങിയ സാധനങ്ങൾ

169 (1897) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിൽക്ക്, ഡൽഹി ആസ്ഥാനമായ എ.എസ്.ആർ.ടി.യു. റേറ്റ് കോൺട്രാക്ട് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ സാധനങ്ങൾ പിന്നീട് കെ.എസ്.ആർ.ടി.സി. ഓപ്പൺ ടെന്റർ മുഖാന്തിരം വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാധനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) ഓപ്പൺ ടെന്റർ മുഖാന്തിരം സാധനസാമഗ്രികൾ വാങ്ങിയ നടപടി കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ലാഭകരമായിരുന്നു എങ്കിൽ പ്രസ്തുത ഓപ്പൺ ടെന്റർ രീതി തുടർന്നുള്ള പർച്ചേസിനും നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ ഗുണനിലവാരം പുലർത്തുന്നവയാണോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഗുണനിലവാരം ഇല്ലാത്തവയാണെങ്കിൽ ഇങ്ങനെ ഗുണനിലവാര മില്ലാത്ത സാധനങ്ങൾ തന്ന സ്ഥാപനങ്ങൾക്കെതിരെ കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓപ്പൺ ടെണ്ടർ മുഖാന്തിരം വാങ്ങിയിട്ടുണ്ട്.

(ബി) ബോഡി ബിൽഡിംഗിന് ആവശ്യമായ സ്റ്റീൽ സാധനങ്ങൾ, പൗഡർ കോട്ടഡ് ജി.ഐ.ഷീറ്റ്, പെയിന്റ്, വെൽഡിംഗ് കേബിൾ എന്നിവയാണ് വാങ്ങിയ സാധനങ്ങൾ

(സി) ലാഭകരമായിരുന്നു.

(ഡി) ഓപ്പൺ ടെണ്ടർ രീതി തുടർന്നുകൊണ്ടിരിക്കുന്നു.

(ഇ) വിവിധ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന സാധനസാഗ്രികൾ കെ.എസ്.ആർ.ടി.സി. പരിശോധിച്ച് ഗുണിനിലവാരം ഉറപ്പാക്കിയതിനുശേഷമേ സ്വീകരിക്കാറുള്ളു.

(എഫ്) ഗുണനിലവാരം ഇല്ലാത്തവയാണെന്നു കണ്ടെത്തിയാൽ ആയവ സ്വീകരിക്കാതെ തിരിച്ചയക്കുകയാണ് ചെയ്യുന്നത്. ബന്ധപ്പെട്ട വിതരണക്കാർക്ക് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. റേറ്റ് കോൺട്രാക്റ്റ് മുഖേനയാണ് വാങ്ങുന്നതെങ്കിൽ ഗുണനിലവാരമില്ലായ്മമൂലം നഷ്ടം സംഭവിച്ചാൽ ആ നഷ്ടം പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും വിവരം ASRTU -വിനെ അറിയിക്കുന്നതുമാണ്. ഇപ്രകാരം നഷ്ടം കോർപ്പറേഷന് ലഭ്യമാക്കിയതിനു ശേഷം മാത്രമേ ASRTU ഇത്തരം സ്ഥാപനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് പുതുക്കി നൽകാറുള്ളു.

കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനത്തിനായി വിഭവ സമാഹരണം

170 (1898) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനത്തിനായി ഏതൊക്കെ മാർഗ്ഗങ്ങളി ലൂടെയാണ് വിഭവസമാഹരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനത്തിനായി വരുമാന വർദ്ധനവും വിഭവ സമാഹരണവും ലക്ഷ്യമിട്ടുകൊണ്ട് പ്രതിവർഷം ആയിരം ബസുകൾ നിരത്തിലിറക്കുവാനുള്ള പദ്ധതി ആരംഭിച്ചതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. കൂടാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി Rent Deposite Scheme-ൽ

LIBRARY ARCHIVES Kerala Legislative Assembly